പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2120 | 18.03. 2015 ൽ മറുപടിക്ക്

വൈദ്യുതാഘാതമേറ്റ് മരണമടയുന്ന തൊഴിലാളികൾ

ചോദ്യം | ഉത്തരം

ശ്രീ.ടി.വി.രാജേഷ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുത ലൈനുകളുടെ തകരാർ പരിഹരിക്കുന്ന സന്ദർഭത്തിൽ വൈദ്യുതാഘാതമേറ്റ് മരണമടയുന്ന തൊഴിലാളികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; | (എ) സംസ്ഥാനത്ത് വൈദ്യുത ലൈനുകളുടെ തകരാർ പരിഹരിക്കുന്ന സന്ദർഭത്തിൽ ഉണ്ടാകുന്ന അപകടങ്ങളിൽ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കിവരുന്നു.<br>***1). ബോർഡ് ജീവനക്കാർ***<br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/-രൂപ വരെ<br>2. ശവസംസ്കാര ചെലവിനായി 5,000/- രൂപ<br>3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളിക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി **5 ലക്ഷം** രൂപ<br>4. 2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാചെലവ്<br>5. സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം **10 ലക്ഷം** രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ലഭിക്കുന്നു. |

6. അപകട മരണം സംഭവിക്കുന്ന ജീവനക്കാരന്റെ അനന്തരാവകാശികളിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം

## 2. കരാർ തൊഴിലാളികൾ

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമരണം സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കിവരുന്നു.

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ
2. ശവസംസ്കാര ചെലവിനായി 5,000/- രൂപ

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച്കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയിസ് കോമ്പൻസേഷൻ കമ്മീഷണർ/ ഡെപ്യൂട്ടി ലേബർ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇങ്ങനെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; കണ്ണൂർ ജില്ലയിൽ മരണപ്പെട്ടവരുടെ വിശദാംശം നൽകുമോ; ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാരും കെ.എസ്.ഇ.ബി.യും നൽകിയത്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് **2014-15** വർഷത്തിൽ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2014 | 12 | 15 |
| 2015 | 01 | 02 |
| **ആകെ** | **13** | **17** |

ടി കാലയളവിൽ കണ്ണൂർ ജില്ലയിൽ ഒരു ബോർഡ് ജീവനക്കാരനും ഒരു കരാർ തൊഴിലാളിയും വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

04-05-2014-ന് കണ്ണൂർ ആലക്കോട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ എൽ. ടി. ലൈനിലെ അറ്റകുറ്റ പണിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ വൈദ്യുതാഘാതത്താൽ മരണപ്പെട്ട കരാറുകാരന്റെ തൊഴിലാളിയായ ശ്രീ.ഓ.കെ സൈലസിന്റെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും 5,89,800/- രൂപ (രൂപ അഞ്ച് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എണ്ണൂറ് മാത്രം) നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

13-02-2014-ന് കണ്ണൂർ ധർമ്മടം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ എൽ. ടി. ലൈനിലെ അറ്റകുറ്റ പണിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ വൈദ്യുതാഘാതത്താൽ മരണപ്പെട്ട ബോർഡ് ജീവനക്കാരനായ ശ്രീ.കെ.ഡി.ജോണിന്റെ ആശ്രിതർക്ക് നഷ്ടപരിഹാരമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

| | |
|---|---|
| | [illegible] റ്റിയിൽ നിന്നും 7,07,160/- രൂപയും (രൂപ ഏഴ് ലക്ഷത്തി ഏഴായിരത്തി ഒരുനൂറ്റി അറുപത് മാത്രം) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളിക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം **10 ലക്ഷം** രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ലഭിയ്ക്കുന്നതിനും ടിയാന്റെ അനന്തരാവകാശികളിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം ലഭിയ്ക്കുന്നതിനും അർഹതയുണ്ട്. |
| (സി) ഇങ്ങനെയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് കെ.എസ്.ഇ.ബി. എടുത്തിട്ടുള്ളത്; അതിന്റെ ഫലമായി അപകടം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ? | (സി)<br>1. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻസ് അടിസ്ഥാനമാക്കി വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സുരക്ഷാ മാന്വൽ ബോർഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>2. നിലവിലുള്ള വൈദ്യുത ശൃംഖല ബലപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി അപകട രഹിതമാക്കുന്നതിനും അതാത് സമയങ്ങളിൽ ബോർഡ് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ സുരക്ഷാ ക്രമീകരണപാലനം ഉറപ്പുവരുത്തുന്നതിനായി ബോർഡ് അംഗീകരി ച്ചിരിക്കുന്ന പെർമിറ്റ് റ്റു വർക്ക് സമ്പ്രദായം ജനറേഷൻ, ട്രാൻസ്മിഷൻ മേഖലയിലെ പോലെ വിതരണ മേഖലയിലും ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്.<br>3. ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>4. ഇലക്ട്രിസിറ്റി ബോർഡിൽ നാലു തലങ്ങളിലായി സുരക്ഷാ കാര്യങ്ങളുടെ ചുമതല വഹിക്കാൻ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. അവർ സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും സെക്ഷൻ തലത്തിലും സുരക്ഷാ ക്ലാസുകൾ നടത്തുകയും അപകടങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ |

തയ്യാറാക്കുകയും ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും ചെയ്തുവരുന്നു.

5. ഉദ്യോഗസ്ഥരും തൊഴിലാളി സംഘടനാ പ്രതിനിധികളും അംഗങ്ങളായുള്ള സുരക്ഷാ കമ്മിറ്റി എല്ലാ മാസവും അപകടങ്ങളെ സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ചും അവലോകനം നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

6. അതോടൊപ്പം സുരക്ഷാ വീഴ്ചകൾ വരുത്തുകയും അപകടങ്ങൾക്കു കാരണക്കാരാവുകയും ചെയ്യുന്ന വർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുന്നുണ്ട്. ടി ക്രമീകരണങ്ങളിലൂടെ അപകടങ്ങൾ വലിയൊരളവുവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ